# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ 1624** **15.02.2016 ൽ മറുപടിക്ക്**

## പെർഫോർമൻസ് ആഡിറ്റ്

| | ചോദ്യം<br>ശ്രീ. സാജു പോൾ | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | പഞ്ചായത്തിലെ പെർഫോർമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ഓഡിറ്റ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | പെർഫോർമൻസ് ആഡിറ്റ് നവീകരണത്തിനു വേണ്ടി 08.06.2015-ൽ സ.ഉ.(എം.എസ്) 188/2015/തസ്വഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെർഫോർമൻസ് ആഡിറ്റ് സംവിധാനം സ്ഥാപനവത്കരിക്കുകയും ത്രൈമാസമായി നടത്തിവന്നിരുന്ന ആഡിറ്റ് പ്രതിമാസമാക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | ഓഡിറ്റ് സൂപ്പർവൈസറുടെ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ പദവിയിലേക്ക് ഉയർത്താനുള്ള നടപടിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | ബി) | ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| സി) | പഞ്ചായത്ത് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കാൻ നടപടി സ്വീകരിക്കുമോ; | സി) | പഞ്ചായത്ത് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കാൻ നടപടി സ്വീകരിക്കാൻ ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത വിഷയം പഠിച്ച് ശുപാർശ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ആഫീസർ എന്നിവർ അംഗങ്ങളായ രണ്ടംഗ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും സമിതിയുടെ ശുപാർശ തത്വത്തിൽ അംഗീകരിക്കുകയും ആദ്യഘട്ടമെന്ന നിലയിൽ 900 ക്ലാർക്ക് തസ്തികകളും 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക അഡീഷണൽ സെക്രട്ടറി തസ്തികയാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ; | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| ഇ) | പഞ്ചായത്ത് വകുപ്പ് ജീവനക്കാരെ കെ.പി.ഇ.പി.എഫ്- ൽ നിന്നും ജി.പി.എഫ്-ലേക്ക് മാറ്റാൻ തയ്യാറാകുമോ ? | ഇ) | പഞ്ചായത്ത് സബോർഡിനേറ്റ് റൂൾ പ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ജി.പി.എഫ്. അംഗത്വം അനുവദിക്കുന്നതിന് നിലവിലെ നിയമം അനുവദിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**